മാതൃഭൂമി
18 January 2018

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ സംവിധാനങ്ങൾ -മന്ത്രി മേഴ്സിക്കുട്ടിയമ്മ

## നാവിക് സംവിധാനം 30-ന് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും

**കൊച്ചി**▸ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ സംവിധാനങ്ങൾ സ്വീകരിക്കുമെന്ന് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. സി.എം.എഫ്.ആർ.ഐ. സംഘടിപ്പിച്ച രാജ്യാന്തര സമ്മേളനത്തിന്റെ ഭാഗമായി നടന്ന ദുരന്ത നിവാരണത്തെക്കുറിച്ചുള്ള പ്രത്യേക ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആഴക്കടലിൽ മീൻപിടിക്കാൻ പോയ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി സന്ദേശമെത്തിക്കാൻ ഉപഗ്രഹ നിയന്ത്രിത നാവിക് സംവിധാനം ഒരുക്കുന്നുണ്ട്. കൊച്ചി, തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ ഇതു നടപ്പാക്കി. ഇത്തരത്തിലുള്ള 500 ഉപകരണങ്ങൾ 30-ന് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും. പരിശീലനവും നൽകും. ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസ് (ഇൻകോയിസ്) വികസിപ്പിച്ചെടുത്ത പ്രദർശന ബോർഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

മത്സ്യബന്ധന സാധ്യതയുള്ള സ്ഥലങ്ങൾ, കാലാവസ്ഥാ പ്രവചനം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നേരത്തെ മുന്നറിയിപ്പായി നൽകാൻ ഈ പ്രദർശന ബോർഡുകൾക്ക് സാധിക്കും. ഇവ പ്രധാനപ്പെട്ട തുറമുഖങ്ങളിൽ പ്രദർശിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. കൊച്ചിയിൽ മുനമ്പത്താണ് പ്രദർശന ബോർഡ് സ്ഥാപിക്കുക.

ബോർഡ് വഴി വിവിധ മത്സ്യങ്ങളുടെ അന്താരാഷ്ട്ര വിലനിലവാരം കൂടി പ്രദർശിപ്പിക്കാനുള്ള നടപടികളെടുക്കുമെന്നും മന്ത്രി പറഞ്ഞു.

ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, ഐ.എസ്.ആർ.ഒ., ഇൻകോയിസ്, സി.എം.എഫ്.ആർ.ഐ., സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ഫിഷറീസ് വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇൻകോയിസിലെ ഡോ. ടി.എം. ബാലകൃഷ്ണൻ, സി.എം.എഫ്.ആർ.ഐ.യിലെ ഡോ. എ.പി. ദിനേശ് ബാബു, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിച്ചു.